**ചൈനയിലെ ടിയാൻജിനിൽ നടക്കുന്ന 25-ാമത് SCO ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുത്തു (സെപ്റ്റംബർ 01, 2025)**

സെപ്തംബർ 01, 2025

2025 ഓഗസ്റ്റ് 31 - സെപ്റ്റംബർ 1 തീയതികളിൽ ചൈനയിലെ ടിയാൻജിനിൽ നടന്ന ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ (SCO) രാഷ്ട്രത്തലവന്മാരുടെ സമിതിയുടെ 25-ാമത് യോഗത്തിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി പങ്കെടുത്തു. SCO വികസന തന്ത്രം, ആഗോള ഭരണ പരിഷ്കരണം, ഭീകരവാദ വിരുദ്ധ പ്രവർത്തനം, സമാധാനവും സുരക്ഷയും, സാമ്പത്തിക-ധനകാര്യ സഹകരണം, സുസ്ഥിര വികസനം എന്നിവയിൽ ഫലപ്രദമായ ചർച്ചകൾക്ക് ഉച്ചകോടി സാക്ഷ്യം വഹിച്ചു.

2. ഉച്ചകോടിയെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി, SCO ചട്ടക്കൂടിനു കീഴിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ഇന്ത്യയുടെ സമീപനം എടുത്തുപറഞ്ഞു. ഇക്കാര്യത്തിൽ, - സുരക്ഷ, സമ്പർക്ക സൗകര്യം, അവസരം എന്നീ മൂന്ന് മേഖലകളിൽ ഇന്ത്യ കൂടുതൽ മെച്ചപ്പെട്ട നടപടികൾ ആഗ്രഹിക്കുന്നുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സമാധാനവും സുരക്ഷയും സുസ്ഥിരതയും പുരോഗതിക്കും സമൃദ്ധിക്കും പ്രധാനമാണെന്ന് ഊന്നിപ്പറഞ്ഞ അദ്ദേഹം, എല്ലാ തരത്തിലുമുള്ള തീവ്രവാദത്തെ എതിർക്കുന്നതിന് ഉറച്ചതും നിർണ്ണായകവുമായ നടപടി സ്വീകരിക്കാൻ അംഗരാജ്യങ്ങളെ ആഹ്വാനം ചെയ്തു. ഭീകരവാദത്തിന് ധനസഹായം നൽകുന്നതും തീവ്രവാദവൽക്കരണവും നേരിടുന്നതിന് ഏകോപിതമായ നടപടികളുടെ ആവശ്യകത പ്രധാനമന്ത്രി അടിവരയിട്ടു. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ അംഗരാജ്യങ്ങൾ പ്രകടിപ്പിച്ച ശക്തമായ ഐക്യദാർഢ്യത്തിന് നന്ദി പറഞ്ഞ അദ്ദേഹം, ഭീകരവാദത്തെ നേരിടുന്നതിൽ ഇരട്ടത്താപ്പ് പാടില്ലെന്നു വ്യക്തമാക്കി. അതിർത്തികടന്നുള്ള ഭീകരതയെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുന്ന രാജ്യങ്ങളെ ഉത്തരവാദിത്വത്തോടെ നേരിടാൻ ഈ കൂട്ടായ്മയോട് അദ്ദേഹം ആവശ്യപ്പെട്ടു.

3. വികസനം പ്രോത്സാഹിപ്പിക്കുന്നതിലും വിശ്വാസം വളർത്തിയെടുക്കുന്നതിലും സമ്പർക്ക സൗകര്യത്തിന്റെ പങ്ക്

എടുത്തുപറഞ്ഞ പ്രധാനമന്ത്രി ചബഹാർ തുറമുഖം, അന്താരാഷ്ട്ര വടക്ക്-തെക്ക് ഗതാഗത ഇടനാഴി തുടങ്ങിയ പദ്ധതികളെ ഇന്ത്യ ശക്തമായി പിന്തുണച്ചുവെന്ന് വ്യക്തമാക്കി.  സ്റ്റാർട്ടപ്പുകൾ, നൂതനാശയങ്ങൾ, യുവജന ശാക്തീകരണം, പൊതു പൈതൃകം എന്നീ മേഖലകളിലെ അവസരങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു, അവയെ SCO യുടെ കീഴിൽ മുന്നോട്ടുകൊണ്ടുപോകണമെന്ന് അഭിപ്രായപ്പെട്ടു.  ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങളും സാംസ്കാരിക ധാരണയും വളർത്തിയെടുക്കുന്നതിനായി കൂട്ടായ്മയിൽ നാഗരിക സംഭാഷണവേദിക്കു തുടക്കം കുറിക്കാൻ പ്രധാനമന്ത്രി നിർദേശിച്ചു.

4. കൂട്ടായ്മയുടെ പരിഷ്കരണ അധിഷ്ഠിത കാര്യപരിപാടിക്ക് പ്രധാനമന്ത്രി പിന്തുണ അറിയിച്ചു.  ഇക്കാര്യത്തിൽ, സംഘടിത കുറ്റകൃത്യം, മയക്കുമരുന്ന് കടത്തൽ, സൈബർ സുരക്ഷ എന്നിവ കൈകാര്യം ചെയ്യാൻ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനെ അദ്ദേഹം സ്വാഗതം ചെയ്തു. ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള ബഹുരാഷ്ട്ര സ്ഥാപനങ്ങളുടെ പരിഷ്കരണത്തിലും കൂട്ടായ്മയ്ക്ക് സമാനമായ സമീപനരീതി വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.  പ്രധാനമന്ത്രിയുടെ പ്രസംഗം പൂർണ്ണമായി ഇവിടെ കാണാം [Link].

5. പ്രസിഡന്റ് ഷി ജിൻപിങ്ങിന്റെ ഊഷ്മളമായ ആതിഥ്യത്തിന് പ്രധാനമന്ത്രി നന്ദി പറയുകയും ഉച്ചകോടി വിജയകരമായി സംഘടിപ്പിച്ചതിന് നന്ദി പറയുകയും ചെയ്തു.  SCO-യുടെ അടുത്ത അധ്യക്ഷസ്ഥാനം ഏറ്റെടുത്ത കിർഗിസ്ഥാനെ അദ്ദേഹം അഭിനന്ദിച്ചു. ഉച്ചകോടിയുടെ അവസാനത്തിൽ, SCO അംഗരാജ്യങ്ങൾ ടിയാൻജിൻ പ്രഖ്യാപനം അംഗീകരിച്ചു.  [Link]

**ടിയാൻജിൻ, ചൈന**

**സെപ്റ്റംബർ 01, 2025**